


# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2022
ആഗസ്റ്റ് 21


കൈത്താക്കാലം അഞ്ചാം ഞായർ




# ദൈവം നൽകുന്ന സ്വാതന്ത്ര്യം

ലേവ്യർ16:20-28   ഏശയ്യ14:115   യൂദാ 8:13   ലൂക്ക11:14-26

ഒരു ബ്രേക്കിങ്ങ് ന്യൂസ് എപ്പോൾ വേണമെങ്കിലും 'പൊട്ടി' വീഴാം...

ഇപ്പോൾ ക്യാമറ ഫോക്കസ് ചെയ്തിരിക്കുന്നത് ക്രിസ്തുവിന്റെ മുഖത്താണ്... തിക്കിതിരക്കുന്ന ജനസഞ്ചയത്തിന് നടുവിൽ വിയർപ്പുപൊടിഞ്ഞ മുഖവുമായി അവൻ നിൽക്കുന്നു. മേലങ്കി അരയിൽ വട്ടംകെട്ടി എന്തിനും പോന്ന നില്പാണ്. അവിടുന്ന് അതാ ഊമനായ ഒരുവനു ശബ്ദം നൽകുന്നു. പിശാച് ബാധിച്ച് നാവുകളടക്കം ബന്ധിക്കപ്പെട്ടുപോയ അവൻ ചങ്ങലകൾ പൊട്ടിച്ച് സ്വതന്ത്രനാവുകയാണ്. അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് ക്രിസ്തു അവനെ കൈപിടിച്ച് നടത്തുന്ന ദൃശ്യങ്ങളാണ് നാം ലൈവായി കാണുന്നത്. സന്തോഷം കൊണ്ട് അവൻ കരയുന്നുണ്ട്... ഉച്ചത്തിൽ ക്രിസ്തുവിനെ പ്രഘോഷിക്കുന്നുണ്ട്... ജനം കരഘോഷം മുഴക്കുന്നുണ്ട്..... എല്ലാവരും ക്രിസ്തുവിനെ കാണാനാഗ്രഹിക്കുന്നു, കേൾക്കാൻ ആഗ്രഹിക്കുന്നു. പക്ഷേ, ക്യാമറ മറ്റൊരിടത്തേക്കാണ് ഫോക്കസ് ചെയ്യുന്നത്..

ആരാണ് ക്രിസ്തുവിന് പിന്നിൽ..? ഈ അത്ഭുതങ്ങൾ ദൈവീകമാണെന്ന് തോന്നുന്നുണ്ടോ....? അവതാരകൻ ചോദ്യങ്ങൾ തൊടുക്കുമ്പോൾ റിപ്പോർട്ടർ മറ്റുചിലരെ ക്യാമറയുടെ പരിധിയിലേക്ക് ആനയിക്കുന്നു. അവർ കടുത്ത ഭാഷയിൽ ക്രിസ്തുവിന്റെ അത്ഭുതങ്ങളെ തള്ളിക്കളയുകയാണ്...

അതെ, അവിടെ ഒരു ചർച്ചാവേദി രൂപം കൊണ്ടുകഴിഞ്ഞു. ക്രിസ്തു പിശാചിനെ ബഹിഷ്കരിച്ചത് അവരുടെ തലവനായ ബെൽസെബൂലിനെക്കൊണ്ടാണെന്ന കടുത്ത ആരോപണമാണ് ഉയരുന്നത്... വാഗ്വാദങ്ങൾ.. വെല്ലുവിളികൾ...

പെട്ടെന്നൊരു വിവാദം വീണുകിട്ടിയതിന്റെ ആവേശത്തിലാണ് റിപ്പോർട്ടർ... അവൻ ദൈവത്തിൽ നിന്നാണെങ്കിൽ സ്വർഗത്തിൽ നിന്നും അടയാളമുണ്ടാകട്ടെ എന്നായി മറ്റുചിലർ. വിമോചനത്തിന്റെ സുവിശേഷത്തിന് മേൽ ദുരാരോപണങ്ങളുടെ കരിമ്പടം വീണുകഴിഞ്ഞു.

എന്നാൽ ക്രിസ്തുവിട്ടുകൊടുക്കുന്നില്ല. സംവാദത്തിന്റെ സാധ്യതകൾ തുറന്നിട്ടുകൊണ്ട് അവിടുന്ന് തന്റെ നിലപാടുകൾ യുക്തിഭദ്രമായി പ്രഖ്യാപിക്കുന്നു. അന്തഛിദ്രമുള്ള രാജ്യവും ഭവനവും നശിക്കുന്നതുപോലെ പരസ്പരം പോരാടുന്ന ഏവരും നശിച്ചുപോകുമെന്ന് അവിടുന്ന്




ജിജോ സിറിയക്

പ്രഖ്യാപിക്കുന്നു. പിശാചിനേക്കാൾ ശക്തനാണ് താനെന്നും കൂടുതൽ ശക്തനായവൻ വരുമ്പോൾ ദുർബലന് ഗതിയുണ്ടാകില്ലെന്നും അവിടുന്ന് അർത്ഥശങ്കയില്ലാതെ വ്യക്തമാക്കുന്നു. വിമർശിച്ചവരുടെ വായടച്ചുകൊണ്ട് അവിടുന്ന് സ്വയം വെളിപ്പെടുത്തുന്നു.

ചാനൽക്കാഴ്ചകൾക്ക് ഒരു ഷോർട്ട് ബ്രേക്ക്....

## സാത്താനും ചാത്തനും

പേരുകേട്ടാൽ ചേട്ടനും അനിയനുമാണെന്ന് തോന്നും വിധം സാമ്യമുള്ള പദങ്ങളാണിവ. ചാത്തൻ സേവ ഇന്നും നമ്മുടെ നാട്ടിൽ വ്യാപകമാണ്. ചാത്തനെക്കൊണ്ട് കാര്യങ്ങൾ സാധിക്കുമെന്ന് വിശ്വസിച്ച് മഠങ്ങളിലും കാവുകളിലും കളരികളിലുമൊക്കെ പോകുന്നവരിൽ ക്രിസ്ത്യാനികളുമുണ്ട്. മനുഷ്യന് അസാധ്യമായത് ദൈവത്തിന് സാധ്യമാകും. എന്നാൽ ദൈവത്തിന് അസാധ്യമായത് പിശാചിന്, അല്ലെങ്കിൽ സാത്താന് സാധ്യമാകുമോ..? പണ്ട് പുണ്യാളച്ചനൊപ്പം കാൽച്ചുവട്ടിലെ പാമ്പിനെയും തൊട്ടുമുത്തി വെല്യമ്മച്ചി പറഞ്ഞ ന്യായം നമ്മുടെയൊക്കെ മനസ്സിലുണ്ടാകാം. ഇനിയിപ്പോ പാമ്പുവഴി എന്തെങ്കിലും കിട്ടിയാൽ അതും പോരട്ടേ എന്ന ലൈൻ... ദൈവം നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുമ്പോൾ അതിന്റെ ക്രെഡിറ്റ് നാം ആർക്കാണ് നൽകുന്നത് ?നമ്മുടെ നേട്ടങ്ങൾ, നമ്മുടെ വിജയങ്ങൾ, നമ്മുടെ സന്തോഷങ്ങൾ... അതെല്ലാം സ്വന്തം നേട്ടമായാണ് പലപ്പോഴും നാം വിലയിരുത്തുന്നത്. എന്തെങ്കിലും പോരായ്മകൾ വന്നാൽ, തോൽവികൾ പിണഞ്ഞാൽ നാം എന്താണ് ചെയ്യുക? ചിലർ ദൈവത്തിലേക്ക് തിരിയും, മറ്റു ചിലരാകട്ടെ ദൈവത്തേക്കാൾ ശക്തിയുണ്ടെന്ന് കരുതി ആൾദൈവങ്ങളിലേക്കും ചരടുകളിലേക്കും പൂജകളിലേക്കുമൊക്കെ നീങ്ങും. ഈ ചരടുകൾ ബന്ധനങ്ങളാണെന്നും അത് നമ്മിൽ ദൈവികമായ ഇടപെടലുകൾക്കുള്ള അവസരം ഇല്ലാതാക്കുന്ന തമോശക്തിയാണെന്നും നാം തിരിച്ചറിയില്ല....

## കള്ളനാണയങ്ങളെ സൂക്ഷിക്കുക.....

ചാത്തനും മറ്റും ചാത്തനായി തന്നെയാണ് അവതരിക്കുന്നത്. എന്നാൽ ദൈവീക മനുഷ്യരെന്ന മട്ടിൽ അവതരിക്കുന്ന ബെൽസെബൂലിന്റെ ഗുളികച്ചെപ്പേന്തിയ ശിഷ്യന്മാരെ നാം കൂടുതൽ സൂക്ഷിക്കണം. ഇവർ മികച്ച ഫാൻസിഡ്രസ്സുകാരും ഇവന്റ് മാനേജ്മെന്റുകാരുമാണ്.നല്ല നടൻമാരുടെയും നടിമാരുടെയും പിന്തുണയോടെ ഇവർ നടത്തുന്ന രോഗശാന്തി ശുശ്രൂഷകളും പിശാചിനെ ഒഴിപ്പിക്കലുമൊക്കെ പലരുടെയും മനസിളക്കിയെന്ന് വരാം. ദൈവത്തിൽ നിന്നോ, പിശാചിൽ നിന്നോ..? ഈ ചോദ്യം ഇന്നും എന്നും പ്രസക്തമാണ്. പണത്തിനും പദവിക്കും പ്രശസ്തിക്കം വേണ്ടിയുള്ള ശുശ്രൂഷകൾ പെരുകി വരുന്ന കാലത്ത് ഫലത്തിൽ നിന്നും വൃക്ഷത്തെ തിരിച്ചറിയുക മാത്രമേ വഴിയുള്ളൂ. എന്നാൽ പുതിയ കാലത്ത് നവമാധ്യമങ്ങളുടെയും ആധുനിക സാങ്കേതിക വിദ്യകളുടെയുമൊക്കെ പിൻബലത്തിൽ സത്യത്തിന്റെ കണ്ണുകെട്ടാൻ വരെ ഇക്കൂട്ടർക്ക് ത്രാണിയുണ്ടെന്ന് തിരിച്ചറിയണം.

## ഊമയാക്കുന്ന പിശാച്

പിശാച് നമ്മളെ ഊമയാക്കുമെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. ന്യായവും നീതിയും ചോദ്യം ചെയ്യപ്പെടുകയും സ്വന്തം വിശ്വാസം തന്നെ അപകടത്തിലാവുകയും ചെയ്യുമ്പോൾ നമ്മൾ ഊമകളായി തുടർന്നാൽ നാം പിശാചിന്റെ അടിമകളായെന്ന് മനസിലാക്കുക. ചോദ്യങ്ങൾ ചോദിക്കാനുള്ളതും ഉത്തരങ്ങൾ പറയാനുള്ളതും ചൂണ്ടുവിരൽ ചൂണ്ടാനുള്ളതുമാണെന്ന ബോധ്യം ഓരോ ക്രിസ്ത്യാനിക്കുമുണ്ടാകണം. ക്രിസ്തു അതാണ് നമ്മളെ പഠിപ്പിച്ചത്.

## ബ്ലാക്ക് മാസ് എന്ന ആഭിചാരം

പിശാച് ആദിമുതലേ ഉള്ളവനാണ്. കർത്താവിന്റെ കരസ്പർശമേറ്റ ആദിമാതാപിതാക്കളെ മാത്രമല്ല, ദൈവപുത്രനേപ്പോലും പരീക്ഷിക്കാൻ ത്രാണിയുള്ളവൻ. തമോശക്തി അല്ലെങ്കിൽ നെഗറ്റീവ് എനർജി എന്ന് പിശാചിനെ വിശേഷിപ്പിക്കാം. ഈ പിശാചിനെ പ്രീതിപ്പെടുത്തി പൈശാചിക ശക്തികളിൽ ഭാഗഭാക്കാവാനുള്ള ത്വര പണ്ടേ മനുഷ്യരിലുണ്ട്.

കൂദാശാകർമങ്ങളടക്കമുള്ള ആത്മീയ അനുഷ്ഠാനങ്ങളെ വികലമായി അനുകരിച്ചും ദൈവത്തെ നിന്ദിച്ചും പിശാചിനെ പ്രീതിപ്പെടുത്തുവാൻ ശ്രമിക്കുന്ന ചിലരുണ്ട്. ബ്ലാക്ക് മാസ് എന്ന ആഭിചാര ക്രിയയിലൂടെ ദൈവദൂഷണം നടത്തുന്ന ചെറു ഗ്രൂപ്പുകൾ പല പട്ടണങ്ങളിലുമുണ്ട്. സ്വന്തം ആത്മാവിനെ പിശാചിന് പണയം വെച്ച് സകല ധാർമിക ബോധത്തിൽ നിന്നും വിടുതൽ നേടി സുഖാസ്വാദനത്തിനായി ഇറങ്ങിത്തിരിക്കുന്നവർ, മദ്യവും മയക്കുമരുന്നും നിറഞ്ഞ, ആഭിചാരത്തിന്റെയും വ്യഭിചാരത്തിന്റെയും ലോകത്ത് എത്തപ്പെട്ട് സ്വന്തം ആത്മാവ് നഷ്ടപ്പെട്ട് ജീവിതംതന്നെ തകർന്നുപോയവർ ഒട്ടനവധിയുണ്ട്. കൊടും ക്രിമിനലുകളും മയക്കുമരുന്നു കച്ചവടക്കാരുമൊക്കെ ഇത്തരം കൂട്ടായ്മകൾ മറയാക്കുന്നുമുണ്ട്.

## ദൈവരാജ്യത്തിൽ ഭാഗഭാക്കാകാം

ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിനോട് ചേർന്നു നിന്നാലേ പൈശാചിക ബന്ധനങ്ങളിൽ നിന്നും മുക്തരായി ദൈവരാജ്യാനുഭവത്തിലേക്ക് നാം വളരുകയുള്ളൂ. പിശാചിനേക്കാൾ പതിൻമടങ്ങ് ശക്തനാണ് നമ്മുടെ രക്ഷകൻ എന്ന് നാം തിരിച്ചറിയണം. കൂടുതൽ ശക്തനോടൊപ്പം ചേരുക, അതിന് കടുകുമണിയോളം വിശ്വാസം മതിയാകും. അതില്ലാതിരുന്നതുകൊണ്ടാണ് ഫരിസേയരും മറ്റും ക്രിസ്തുവിനെതിരേ തിരിഞ്ഞത്. പരസ്പരം കലഹിക്കുന്ന കുടുംബവും രാജ്യവും സമുദായവുമൊക്കെ നശിച്ചുപോകുമെന്ന താക്കീതും ഈശോ തരുന്നുണ്ട്. അസംബന്ധ വിവാദങ്ങൾക്ക് തലവെച്ച് ആത്മീയ ഐക്യം നഷ്ടപ്പെടുത്തുന്നവരായി നാം മാറുന്നുണ്ടോ എന്ന് ആത്മശോധന ചെയ്യാം. നമ്മുടെ ആത്മീയചര്യകളും ധ്യാനങ്ങളും രോഗശാന്തി ശുശ്രൂഷകളുമൊക്കെ ദൈവമഹത്വ പ്രഘോഷണമാണോ..?അതോ സ്വന്തം മഹത്വമാണോ നാം തിരയുന്നത്?

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com